പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 492 — 01.12.2015-ൽ മറുപടിക്ക്

## അങ്കമാലി-ശബരിമല റെയിൽപാത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടകർക്കും മലയോരമേഖലയിലെ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന അങ്കമാലി-ശബരിമല റെയിൽപ്പാതയുടെ സർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ: | (എ) | അന്തിമ ലൊക്കേഷൻ സർവ്വേ 2012-ൽ പൂർത്തീകരിക്കുകയും 72 കിലോ മീറ്റർ ദൂരം അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് കോട്ടയം ജില്ലയിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും റവന്യൂ / റെയിൽവേ ഉദ്യോഗസ്ഥരുടേയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് പുതുക്കി നിശ്ചയിക്കേണ്ടി വന്നു. അന്തിനാട് മുതൽ എരുമേലിവരെയുള്ള പുതുക്കിയ അലൈൻമെന്റ് റെയിൽവേയുടെ അംഗീകാരത്തിനായി പരിഗണനയിലാണ്. |
| (ബി) | എത്ര കിലോമീറ്റർ ദൂരത്തിലാണ് പുതുതായി റെയിൽവേ ലൈൻ സ്ഥാപിക്കേണ്ടത് ; ഇതിനായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ട് ; ഏതൊക്കെ വില്ലേജുകളിൽ എത്ര ഏക്കർ ഭൂമി വീതമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | അങ്കമാലി - എരുമേലി വരെ നിർദ്ദിഷ്ട റെയിൽ ലൈനിന്റെ നീളം 116 കിലോ മീറ്ററാണ്. ഇതിനായി 470.7723 ഹെക്ടർ സ്ഥലം ഏറ്റെടു ക്കേണ്ടതായി ഉണ്ട്. എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽ നിന്നും 2.88 ഹെക്ടറും നെടുമ്പാശ്ശേരി വില്ലേജിൽ നിന്നും 4.78 ഹെക്ടറും മറ്റൂർ വില്ലേജിൽ നിന്നും 10.23 ഹെക്ടറും വടക്കുംഭാഗം വില്ലേജിൽ നിന്നും 5.34 ഹെക്ടറും ചേലാമറ്റം വില്ലേജിൽ നിന്നും 1.17 ഹെക്ടറും ഉൾപ്പടെ ആകെ 24.4 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേക്ക് കൈമാറിയിട്ടുണ്ട്. |

(സി) ഇനിയും ഏതൊക്കെ വില്ലേജുകളിൽ നിന്നും എത്രയൊക്കെ ഭൂമി ഏറ്റെടുക്കാനുണ്ട് ; ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി)

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1. | ചേലാമറ്റം | 7.1184 |
| 2. | പേരുമ്പാവൂർ | 12.4964 |
| 3. | കൂവപ്പടി | 7.8910 |
| 4. | വേങ്ങൂർ വെസ്റ്റ് | 7.9900 |
| 5. | അശമന്നൂർ | 23.9500 |
| 6. | രായമംഗലം | 00.6500 |
| 7. | എരമല്ലൂർ | 23.4100 |
| 8. | കോതമംഗലം | 19.3300 |
| 9. | മുളവൂർ | 5.5100 |
| 10. | വെള്ളൂർക്കുന്നം | 3.6600 |
| 11. | മൂവാറ്റുപുഴ | 22.1500 |
| 12. | ഏനാനെല്ലൂർ | 4.9300 |
| 13. | മഞ്ഞല്ലൂർ | 30.1500 |
| 14. | മണക്കാട് | 7.2000 |
| 15. | തൊടുപുഴ | 15.5200 |
| 16. | കരിങ്കുന്നം | 23.5000 |
| 17. | രാമപുരം | 13.6300 |
| 18. | കടനാട് | 1.3700 |
| 19. | വെള്ളിലപ്പള്ളി | 21.2600 |
| 20. | ളാലം | 19.4900 |
| 21. | ഭരണങ്ങാനം | 10.7000 |
| 22. | തലപ്പുലം | 22.4400 |
| 23. | കോണ്ടൂർ | 12.800 |
| 24. | ഈരാറ്റുപേട്ട | 7.9600 |
| 25. | ചിറക്കടവ് | 14.9500 |
| 26. | ചിറക്കടവ് | 47.5100 |
| 27. | കൂവപ്പള്ളി | 25.3300 |
| 28. | എരുമേലി സൗത്ത് | 35.4665 |

ഫണ്ടിന്റെ അഭാവമാണ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവെക്കാൻ കാരണം.

2015-16 റെയിൽവേ ബജറ്റിൽ 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഡി) | ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാർ ആദ്യകാലം മുതൽ അനുകൂലമായ നിലപാട് സ്വീകരിച്ചില്ല എന്ന കാരണത്താൽ അങ്കമാലി ശബരി റെയിൽവേ പ്രൊജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടില്ല. ആയതിനാൽ കാലടിക്ക് ശേഷമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ നിന്നും റെയിൽവേ താല്ക്കാലികമായി പിന്നോട്ട് പോവുകയാണ് ഉണ്ടായത്.<br><br>എന്നാൽ ഇപ്പോൾ അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ ആകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ